# ജാതിവിവേചനം തിരിഞ്ഞു കുത്തുന്നു?

**ബീഹാറിലെ** പ്രളയബാധിതർക്ക് സഹായം വിതരണം ചെയ്യുന്നതിൽ സർക്കാർ ജാതിവിവേചനം കാണിക്കുന്നതായി ആക്ഷേപമുയർന്നിരിക്കുന്നു. സാധാരണഗതിയിൽ പരാതികളുണ്ടാവാറുള്ളത് ആനുകൂല്യങ്ങൾ അനർഹരായ മേൽജാതിക്കാർ തട്ടിയെടുത്തുവെന്നും പാവങ്ങളായ കീഴാളർ അവഗണിക്കപ്പെട്ടുവെന്നുമാണ്. നേരെ മറിച്ചാണ് ബീഹാറിൽനിന്നുയർന്ന പരാതി. സഹർസ ജില്ലയിലെ സോൺബർഷ രാജ് ബ്ലോക്കിൽ പുതപ്പുകൾ വിതരണം ചെയ്തപ്പോൾ മേൽജാതിക്കാരെ ഒഴിവാക്കി ദലിത്- മഹാ ദലിത്-മുസ്‌ലിം വിഭാഗങ്ങൾക്ക് മാത്രമായി വിതരണം ചെയ്തു എന്നാണാക്ഷേപം. പ്രളയകാലത്ത് ഏർപ്പെടുത്തപ്പെട്ട ദുരിതാശ്വാസ ക്യാമ്പുകളിലും ഇത്തരം വിവേചനങ്ങൾ അരങ്ങേറിയതായി ആക്ഷേപമുണ്ട്.

ഗുജറാത്ത് -ഝാർഖണ്ഡ് സംസ്ഥാന ഗവൺമെന്റുകളും റെഡ്ക്രോസ് സൊസൈറ്റിയും ഏതാനും സ്വകാര്യ ഗ്രൂപ്പുകളുമാണ് ദുരിതാശ്വാസ വസ്തുക്കൾ ബീഹാറിലെത്തിക്കുന്നത്. സംസ്ഥാന സർക്കാറിന്റെ ഏജൻസികളാണ് അത് വിതരണം ചെയ്യുന്നത്. ജമാഅത്തെ ഇസ്‌ലാമിയെപ്പോലുള്ള ചില സംഘടനകൾ നേരിട്ടും ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സ്വന്തം നിലയിൽ ദുരിതാശ്വാസ പ്രവർത്തനം നടത്തുന്ന എൻ.ജി.ഒകളെ സംബന്ധിച്ച് ആക്ഷേപമൊന്നുമില്ല. സർക്കാറിന്റെ സഹായവിതരണത്തിനെതിരെ ഉയർന്ന ആരോപണത്തിന് സഹർസ ജില്ലാ മജിസ്ട്രേറ്റ് ആർ ലക്ഷ്മൺ നൽകുന്ന വിശദീകരണം ഇതാണ്: സഹായ വിതരണത്തിൽ ജാതി പരിഗണിക്കുക സർക്കാറിന്റെ നയമല്ല. ലഭ്യമായ പുതപ്പുകൾ എല്ലാവർക്കും വിതരണം ചെയ്യാൻ മതിയാവില്ലായിരുന്നു. അർഹരെ തെരഞ്ഞെടുക്കാൻ ഒരു മാനദണ്ഡം സ്വീകരിക്കണമെന്നു വന്നപ്പോൾ സർക്കാറിന്റെ നിർദേശമനുസരിച്ച് ഞങ്ങൾ ദലിത്-മുസ്‌ലിം വിഭാഗങ്ങൾക്ക് മുൻഗണന നൽകുകയായിരുന്നു. അതാണ് സർക്കാറിന്റെ രാഷ്ട്രീയ പ്രേരിതവും ജാതിവിവേചനപരവുമായ നടപടി എന്നാക്ഷേപിക്കപ്പെടുന്നത്.

ബീഹാറിൽനിന്നുള്ള ഈ വാർത്ത 2001ലെ ഭൂകമ്പത്തെത്തുടർന്ന് ഗുജറാത്തിൽ നടന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളെ ഓർമിപ്പിക്കുന്നു. അന്ന് സർക്കാർ ഏർപ്പെടുത്തിയ ദുരിതാശ്വാസ ക്യാമ്പുകളിൽ കീഴ്ജാതിക്കാരോടൊപ്പം താമസിക്കാൻ മേൽജാതിക്കാർ വിസമ്മതിക്കുകയായിരുന്നു. ചില ക്യാമ്പുകളിൽ അതിന്റെ പേരിൽ മേൽജാതിക്കാർ ഭക്ഷണവും വെള്ളവും ബഹിഷ്കരിക്കുകവരെയുണ്ടായി. ഒടുവിൽ സർക്കാർ തന്നെ മേൽജാതിക്കാർക്ക് പ്രത്യേക ക്യാമ്പുകൾ ഏർപ്പെടുത്തേണ്ടിവന്നു. സ്വദേശത്തുനിന്നും വിദേശത്തുനിന്നും എത്തിയ സഹായ വസ്തുക്കൾ വിതരണം ചെയ്യുന്നതിൽ ദലിതുകൾക്കും മുസ്‌ലിംകൾക്കും എതിരിൽ വിവേചനം അനുവർത്തിക്കപ്പെട്ടതായും വാർത്തകൾ വന്നു.

പഴയ ഗുജറാത്ത് വാർത്തയെന്ന പോലെ ഇപ്പോഴത്തെ ബീഹാർ വാർത്തയും ഖേദകരവും മനുഷ്യത്വവിരുദ്ധവുമാണ്. ജില്ലാ മജിസ്ട്രേറ്റിന്റെ വിശദീകരണം അവിശ്വസിക്കേണ്ട കാര്യമില്ല. എങ്കിലും ഒരുതരം ജാതിവിവേചനം അവിടെ ഉണ്ടായി എന്ന കാര്യം വ്യക്തമാണ്. സ്വാതന്ത്ര്യം കിട്ടി അറുപതാണ്ട് കഴിഞ്ഞിട്ടും ജാതിബോധവും ഉച്ചനീചത്വവും ഇന്ത്യൻ മനസ്സിൽ പച്ചപിടിച്ചു തന്നെ നിൽക്കുന്നുവെന്നാണത് കാണിക്കുന്നത്. അത്യാഹിത ഘട്ടങ്ങളെ നേരിടുമ്പോൾ പോലും ജാതിക്കും വർഗത്തിനും അതീതമായി കാര്യങ്ങൾ കാണാൻ നമുക്കാവുന്നില്ല എന്നത് എന്തു മാത്രം ലജ്ജാവഹമാണ്. ദുരിതബാധക്ക് ജാതി മത പരിഗണനയില്ല. ദുരിതത്തിൽ പെട്ടവരെല്ലാം 'ദുരിതബാധിതർ' എന്ന ഒറ്റ ജാതിയാണ്. ലളിതമായ ഈ സത്യമെങ്കിലും അംഗീകരിച്ചുകിട്ടാൻ ഇനിയും എത്രനാൾ ആർഷഭാരതം കാത്തിരിക്കണം?

വിവേചനത്തിന്റെ ഇര മേൽജാതിക്കാരാവുക എന്ന ബീഹാർ അനുഭവം അപൂർവവും ഒറ്റപ്പെട്ടതുമായ ഉദാഹരണമാണ്. എത്രയോ നൂറ്റാണ്ടുകളായി കീഴാളർ മാത്രമായിരുന്നു ഇരകൾ. ഇന്നും കീഴ്ജാതികൾക്ക് വിലക്കപ്പെട്ട കിണറുകളും കുളങ്ങളും നടവഴികളും വരെ ഇന്ത്യയിൽ പലയിടത്തുമുണ്ട്. നന്നെ ചുരുങ്ങിയത് 2001ലെ ഗുജറാത്ത് ദുരിതാശ്വാസ ക്യാമ്പുകളിൽ സവർണർ അവർണരോട് കാണിച്ച അവഹേളനമെങ്കിലും, ആ ജനകോടികളെ എത്രമേൽ വേദനിപ്പിച്ചിരിക്കുമെന്ന് ഒരു നിമിഷം ആലോചിക്കാൻ ബീഹാർ സംഭവത്തിന്റെ പശ്ചാത്തലത്തിൽ വർണ മഹത്വം കാത്തുസൂക്ഷിക്കുന്നവർ തയാറായെങ്കിൽ!

ഇന്ത്യയിൽ സഹസ്രാബ്ദങ്ങളായി നിലനിൽക്കുന്ന പാരമ്പര്യം തന്നെയാണ് ബീഹാറിൽ അരങ്ങേറിയത്; അത് നേരെ തലതിരിച്ചായി എന്നു മാത്രം. വേണമെങ്കിൽ 2001ൽ ഗുജറാത്തിൽ നടന്നതിനുള്ള അബോധപൂർവമായ മറുപടിയായോ റിയാക്ഷനായോ അതിനെകാണാവുന്നതാണ്. ഇതുവരെ അവർണരുടെ ചെലവിൽ, അവരെ അവഗണനയുടെ പടുകുഴിയിലേക്ക് ചവിട്ടിത്താഴ്ത്തി സവർണർ തടിച്ചുകൊഴുത്തു. സവർണർ അവഗണിക്കപ്പെടുകയും അവർണർ സംരക്ഷിക്കപ്പെടുകയും ചെയ്താലും ആകാശം ഇടിഞ്ഞുവീഴുകയൊന്നുമില്ല എന്ന പ്രഖ്യാപനമായും സോൺബർഷ രാജ് ബ്ലോക്കിലെ സംഭവത്തെ വായിച്ചെടുക്കാവുന്നതാണ്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി നടന്നുവരുന്ന ദലിത് മുന്നേറ്റ പ്രസ്ഥാനങ്ങളാണ് ഈ മാറ്റത്തിന്റെ കാറ്റൂതിയത്. യു.പിയിലും ബീഹാറിലും മേൽജാതിക്കാരുടെ മേധാവിത്വം അവസാനിച്ചിട്ടില്ലെങ്കിലും കീഴാളർ മുന്നേറ്റത്തിന്റെ കുഴലൂത്ത് ആരംഭിച്ചുകഴിഞ്ഞു.

യു.പി മുഖ്യമന്ത്രി മായാവതി ഉയർന്ന പീഠത്തിലിരുന്ന് മറ്റുള്ളവരെ തറയിലിരുത്തുന്നുവെങ്കിൽ അതിന്റെയും പ്രചോദനകേന്ദ്രം മേൽജാതിക്കാർ ഇന്ത്യൻ മനസ്സിൽ നട്ടുവളർത്തിയ ഉച്ചനീചത്വബോധം തന്നെയാണ്. രാജ്യത്ത് കീഴാളരുടെ എണ്ണം പെരുകിവരികയാണ്. ഒരാൾക്ക് ഒരു വോട്ട് എന്ന ജനാധിപത്യ സമ്പ്രദായം സ്വന്തം ചങ്ങലകൾ പൊട്ടിച്ചെറിയാനും സ്വപ്നങ്ങൾക്ക് ചിറകു മുളപ്പിക്കാനുമുള്ള ശക്തിയാണെന്നവർ തിരിച്ചറിഞ്ഞു തുടങ്ങി. ഔദ്യോഗിക വേദികളിൽ അവർ ഭേദപ്പെട്ട പ്രാതിനിധ്യം നേടിക്കൊണ്ടിരിക്കുന്നു. മേൽജാതി മേധാവിത്വത്തിന്റെ സ്ഥാനത്ത് കീഴ്ജാതി മേധാവിത്വം പലരും സ്വപ്നം കാണുന്നുണ്ട്.

ജാതിഭേദം ഇല്ലാതാക്കുകയെന്നാൽ സവർണാധിപത്യത്തിനു പകരം അവർണാധിപത്യം സ്ഥാപിക്കുകയല്ല; ജാതീയമായ ഉച്ചനീചത്വവും വിവേചനവും ഇല്ലാതാക്കുകയാണ്. ആരും ആക്രമിക്കുകയോ ആക്രമിക്കപ്പെടുകയോ ചെയ്യാത്ത, എല്ലാവർക്കും തുല്യ പരിഗണനയും നീതിയും ലഭിക്കുന്ന സാമാജികാവസ്ഥ സംജാതമാക്കുകയാണ്. ഈ അവസ്ഥ വാഗ്ദാനം ചെയ്യുന്ന ദർശനങ്ങൾ പലതുണ്ടെങ്കിലും ഇസ്‌ലാമിനു മാത്രമേ പ്രായോഗികതലത്തിൽ അത് യാഥാർഥ്യമാക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇനിയും ഇസ്‌ലാമിനു മാത്രമേ അത് കഴിയുകയുള്ളൂ. ഇസ്‌ലാമിക പ്രബോധകരുടെ പരിശ്രമങ്ങളെ ആശ്രയിച്ചിരിക്കുന്നു അതിന്റെ സാധ്യത. ■